# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3214 | 11.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വ്യാപാര മേഖലയിലെ നികുതിനിർണയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | വ്യാപാര മേഖലയിലെ നികുതിനിർണയവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പിയർ റിവ്യൂ മെക്കാനിസത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ; | (എ) | പിയർ റിവ്യൂ സംവിധാനത്തിലൂടെ നികുതി നിർണ്ണയ അധികാരി തയ്യാറാക്കിയിട്ടുള്ള കരട് നോട്ടീസുകളും അസ്സസ്സ്മെന്റ് ഉത്തരവുകളും നികുതി വകുപ്പിലെ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥർ അവലോകനം ചെയ്യുന്ന തിനും അവ മെച്ചപ്പെടുത്തുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും ഉള്ള അവസരം ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നു. നികുതി നിർണ്ണയ അധികാരി എല്ലാ നോട്ടീസുകളും അസ്സസ്സ്മെന്റ് ഉത്തരവു കളും പിയർ റിവ്യൂന് വിധേയമാക്കേണ്ട താണ്. പിയർ റിവ്യൂവിലൂടെ ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം നികുതി നിർണ്ണയ അധികാരി ഉത്തരവുകൾ ആവശ്യമായ തിരുത്തലുകളോ കൂട്ടിച്ചേർക്കലോ നടത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും അവ പിയർ റിവ്യൂവിലൂടെ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>കൂടാതെ പിയർ റിവ്യൂവിൽ ചേർത്തിട്ടുള്ള കരട് ഉത്തരവുകളും അന്തിമ ഉത്തരവുകളും വകുപ്പിലെ ആഡിറ്റ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര അസ്സസ്സ്മെന്റ് ഓഫീസുകളിൽ |

| | | | |
|---|---|---|---|
| | | | ആഡിറ്റ് വിഭാഗത്തിന്റെ നേരിട്ടുള്ള പരിശോധന കൂടുതൽ ഫലപ്രദമാക്കുവാനും സാധിക്കുന്നു. |
| (ബി) | ഇതുകൊണ്ട് വ്യാപാരികൾക്കും വാണിജ്യനികുതി വകുപ്പിനും ഉണ്ടായ നേട്ടങ്ങൾ എന്തെന്നു വ്യക്തമാക്കുമോ? | (ബി) | പിയർ റിവ്യൂ പ്രാബല്യത്തിൽ വന്നതോടുകൂടി വ്യാപാരികൾക്ക് ലഭിക്കുന്ന ഉത്തരവുകൾക്കും, നോട്ടീസുകൾക്കും കൂടുതൽ വ്യക്തതവരികയും അവർക്ക് അനാവശ്യ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവരവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും നോട്ടീസുകളിലും ഉള്ള അപാകതകൾ ഉടനെ തന്നെ പരിഹരിക്കുന്നതിനും കൂടുതൽ വ്യക്തതയുള്ളതും കൃത്യമായതുമായ ഉത്തരവുകളും നോട്ടീസുകളും പുറപ്പെടുവിക്കുന്നതിനും സാധിക്കുന്നു.<br>പിയർ റിവ്യൂ സംവിധാനത്തിലൂടെ വകുപ്പിൽ കാര്യക്ഷമവും സമയബന്ധിതമായ ആഡിറ്റ് സൗകര്യവും ലഭ്യമാകുന്നു. |

**സെക്ഷൻ ഓഫീസർ**